"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ശ്രീമതി ജോസ്മി ജോസിന്റെ എഫ്.റ്റി.എം തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.641/2026/GEDN തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 16.10.2025 തീയതിയിലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.12.2025 തീയതിയിലെ ഇസി1/23837/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ചേർത്തല സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ ശ്രീമതി ജോസ്മി ജോസിന്റെ എഫ്.റ്റി.എം തസ്തികയിലെ 06.02.2025 മുതലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചു.

2. ഈ വിഷയത്തിൽ 16.12.2025 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

ചേർത്തല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്. ലെ എഫ്.റ്റി.എം ശ്രീ.അരുൺ കെ.പി. 31/12/2024-ൽ ജോലി രാജി വെച്ച ഒഴിവിൽ ശ്രീമതി ജോസ്മി ജോസിനെ ശമ്പള സ്കെയിലിൽ 06/02/2025 മുതൽ മാനേജർ നിയമിച്ചു. എന്നാൽ ടി നിയമനത്തിന് ആധാരമായ ശ്രീ അരുൺ കെ.പി. യുടെ എഫ്.റ്റി.എം നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല, കൂടാതെ ശ്രീ അരുൺ കെ.പി.യുടെ നിയമനം അംഗീകരിക്കാത്തതിനാൽ ടിയാന്റെ രാജിയും അംഗീകരിച്ചു നൽകിയിട്ടില്ല. ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല, കൂടാതെ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിക്കപ്പെട്ടിട്ടില്ല എന്നീ കാരണങ്ങളാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു.

മുട്ടം ഹോളി ഫാമിലി എച്ച്.എസ്.ലെ എഫ്.റ്റി.എം ഭിന്നശേഷി ഉദ്യോഗാർത്ഥി ശ്രീമതി മേരി ഗ്രേസി വി.എ. 11/06/2024-ൽ ജോലി രാജി വെച്ച ഒഴിവിൽ ശ്രീമതി ജോസ്മി ജോസിനെ ശമ്പള സ്കെയിലിൽ 18/06/2024 മുതൽ മാനേജർ എഫ്.റ്റി.എം ആയി ആദ്യം നിയമിച്ചിരുന്നു. ടി നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് വേണ്ടി മാറ്റി വെച്ച പോസ്റ്റ് ആയതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. ടി നിയമനം നിലവിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല. ടി ഒഴിവ് പിന്നീട് ഭിന്നശേഷി ഉദ്യോഗാർത്ഥിക്ക് വേണ്ടി മാറ്റി വെച്ചതായി

മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി ജോസ്മി ജോസിന്റെ 18/06/2024 മുതലുള്ള നിയമനം മാനേജർ പിൻവലിച്ച് ഉത്തരവ് നൽകിയാൽ മാത്രമേ 06/02/2025 മുതലുള്ള സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്.ലെ എഫ്.റ്റി.എം തസ്തികയിലെ നിയമനം പരിഗണിക്കാൻ സാധിക്കു.

കൂടാതെ സെന്റ് മേരീസ് ഗേൾസ് എച്ച്.എസ്.ലെ ശ്രീമതി ജോസ്മി ജോസിന്റെ 06/02/2025 മുതലുള്ള നിയമനം ടി നിയമനത്തിന് ആധാരമായ ശ്രീ അരുൺ കെ.പി. യുടെ എഫ്.റ്റി.എം നിയമനം അംഗീകരിച്ച് ഒഴിവ് സ്ഥിരീകരിച്ചിട്ടില്ല. അതിനാൽ ശ്രീ.അരുൺ കെ.പി.യുടെ എഫ്.റ്റി.എം നിയമനം അംഗീകരിക്കപ്പെട്ടതിനു ശേഷം ടിയാന്റെ രാജി അംഗീകരിച്ചാൽ മാത്രമേ ശ്രീമതി ജോസ്മി ജോസിന്റെ 06/02/2025 മുതലുള്ള നിയമനത്തിനു ആധാരമായ ഒഴിവ് വ്യവസ്ഥാപിതമാകുകയുള്ളൂ. അതിനാൽ നിലവിൽ ശ്രീമതി ജോസ്മി ജോസിന്റെ 06/02/2025 മുതലുള്ള നിയമനം പരിഗണിക്കാൻ കഴിയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജോസ്മി ജോസിന്റെ എഫ്.റ്റി.എം തസ്തികയിലെ 06.02.2025 മുതലുള്ള നിയമനം അംഗീകരിച്ച് നൽകണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ല. ഹർജിക്കാരന്റെ അപേക്ഷ നിരസിച്ച് അപ്രകാരം ശ്രീമതി ജോസ്മി ജോസ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, സെന്റ്. മേരീസ് ഫോറേൻ ചർച്ച് സ്കൂൾസ്, മുട്ടം, ചേർത്തല-688 524
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 23-01-2026 16:09:28
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.